**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1949** **01-09-2022 - ൽ മറുപടിയ്ക്ക്**

**ഓരോ മണ്ഡലത്തിലും ഒരു സ്കിൽ കോഴ്സ് ആരംഭിക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച, സംസ്ഥാനത്തെ ഓരോ നിയോജകമണ്ഡലത്തിലും കെ-ഡിസ്കുമായി സഹകരിച്ച് ഒരു വിദ്യാഭ്യാസ സ്ഥാപനത്തിൽ സ്കിൽ കോഴ്സ് ആരംഭിക്കുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | തൊഴിലന്വേഷകർക്ക് പൊതുവിലും വിദ്യാർത്ഥികൾക്ക് പ്രത്യേകിച്ചും വിജ്ഞാനാധിഷ്ഠിതമായ തൊഴിൽ നൈപുണികൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനു വേണ്ടി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിലവിൽ ലഭ്യമായ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുകയും കോഴ്സുകൾക്ക് അനുസൃതമായി ആവശ്യമെങ്കിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുകയുമാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപന മേധാവികളും ഉന്നത അധികാരികളുമായി കൂടിക്കാഴ്ചകൾ നടത്തുകയും ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ ലഭ്യമായ സൗകര്യങ്ങൾക്ക് ആസ്പദമായുള്ള സ്കിൽ കോഴ്സുകൾക്കുള്ള പ്രൊപ്പോസലുകളും ലഭ്യമാകാവുന്ന മറ്റ് സ്കിൽ കോഴ്സുകളുടെ അധിക സൗകര്യങ്ങൾക്ക് വേണ്ടിയുള്ള പ്രൊപ്പോസലുകളും ലഭ്യമാക്കി വരുന്നു. |
| (സി) | പ്രസ്തുത പദ്ധതിക്കായി ഓരോ നിയോജകമണ്ഡലത്തിലെയും വിദ്യാഭ്യാസ സ്ഥാപനത്തെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഓരോ നിയോജക മണ്ഡലത്തിലെയും വിദ്യാഭ്യാസ സ്ഥാപനത്തെ തിരഞ്ഞെടുക്കുന്നതിനുള്ള മാർഗരേഖ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ